ctabudarr@gmail.com
അബൂദർറ് എടയൂർ



# ഉത്തരവാദിത്തലംഘനത്തിന്റെ ദുരന്തഫലം

عَنْ أبي هُرَيْرَة قَال: قَالَ رَسُولُ الله ﷺ: لَتَأْمُرُنَّ بالْمَعْرُوفِ ، وَلَتَنْهَوُنَّ عَنِ الْمُنْكَرِ، أَوْ لَيُسَلَّطَنَّ الله عَلَيْكُمْ شِرَارَكُمْ، ثُمَّ يَدْعُو خِيَارُكُم فلا يُسْتَجَابُ لَكُمْ

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി (സ) പറഞ്ഞു: നിങ്ങൾ ധർമം അനുശാസിക്കുകയും അധർമം വിലക്കുകയും ചെയ്യണം. ഇല്ലായെങ്കിൽ നിങ്ങളുടെ കൂട്ടത്തിലെ ദുഷ്ടന്മാരെ അല്ലാഹു നിങ്ങളുടെ ഭരണാധികാരികളാക്കും. തുടർന്ന് നിങ്ങളുടെ കൂട്ടത്തിലെ സജ്ജനങ്ങൾ (അതിൽ നിന്ന് രക്ഷ തേടി) പ്രാർഥിക്കും. പക്ഷേ നിങ്ങൾക്ക് ഉത്തരം ലഭിക്കുകയില്ല (ത്വബ്റാനി).

ലോക ജനതയെ മിഥ്യയുടെ ഘനാന്ധകാരങ്ങളിൽ നിന്ന് മോചിപ്പിച്ച് സത്യത്തിന്റെ വെളിച്ചത്തിലേക്ക് ആനയിക്കുക എന്ന ഉത്തരവാദിത്ത നിർവഹണമാണ് മുസ്‌ലിംകളെ ഉത്തമ സമൂഹം എന്ന പദവി അലങ്കരിക്കാൻ യോഗ്യരാക്കുന്ന പ്രധാന ഘടകം. നന്മ, നീതി, സത്യം, നൈതികത തുടങ്ങിയ മഹിത മൂല്യങ്ങൾക്കുവേണ്ടി പ്രതിഫലേഛയില്ലാതെ ശബ്ദിക്കാൻ മറ്റൊരു സമൂഹം ഇന്ന് ലോകത്തില്ല. നിർബന്ധമായ ആരാധനകൾ നിർവഹിച്ചാൽ ദൗത്യം കഴിഞ്ഞു എന്ന് സമാധാനിച്ച് മുസ്‌ലിം സമൂഹം ഉറക്കം നടിച്ചാൽ പിശാചിന്റെ സ്വൈരവിഹാരമായിരിക്കും ഫലം.

നന്മയുടെ എല്ലാ ഭാവങ്ങളും പൂത്തുലഞ്ഞ് പടർന്നു പന്തലിച്ച് നിൽക്കാനും തിന്മയുടെ അടിവേരറുക്കാനും സാധ്യമാവുന്നതെല്ലാം ചെയ്യുക എന്നത് വ്യക്തിപരമായും സംഘടിതമായും സത്യവിശ്വാസികളുടെ ബാധ്യതയാണ്. വിശ്വാസ, കർമ രംഗങ്ങളിലുള്ള അധാർമികതകൾക്കും തെറ്റുകൾക്കുമെതിരെ നിലകൊള്ളുന്ന മനസ്സെങ്കിലും നമ്മിൽ ഇല്ലെങ്കിൽ നാം ഈമാനിന്റെ പരിധിക്ക് പുറത്താണ് എന്ന് പ്രവാചകൻ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ട്. നബി(സ) പറഞ്ഞു: “നിങ്ങളിലാരെങ്കിലും ഒരു തിന്മ കണ്ടാൽ അതിനെ തന്റെ കൈ (അധികാരം/ശക്തി)കൊണ്ട് തടയട്ടെ. അതിന് സാധിച്ചില്ലെങ്കിൽ തന്റെ നാവ് കൊണ്ട്. അതിനും സാധിച്ചില്ലെങ്കിൽ തന്റെ മനസുകൊണ്ട് (അതിനെ വെറുക്കുകയെങ്കിലും ചെയ്യട്ടെ). അതാണ് ഈമാനിന്റെ അതീവ ദുർബലമായ വശം.”

സ്വന്തം വീട്ടിലും അയൽപക്കത്തും നാട്ടിലും രാജ്യത്തും ലോകത്തുമെല്ലാമുള്ള തിന്മകൾ നിർമാർജനം ചെയ്യാനും പകരം നന്മയുടെ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുമുള്ള ഉദ്യമത്തിൽ ഒരു മുസ്‌ലിമിന്റെ പങ്ക് എന്താണെന്ന് അടയാളപ്പെടുത്തുകയാണ് ഈ പ്രവാചക വചനം. പ്രസ്തുത ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് സാമ്പത്തികവും ബുദ്ധിപരവും മറ്റുമായ പിന്തുണ നൽകുക എന്നതും സുപ്രധാനമാണ്. ‘ഞാനെന്തിന് അവരുടെ കാര്യം നോക്കണ’മെന്ന ചിന്തയിലാണ് പലരും. ഈ ഉദാസീനത ഇഹത്തിലും പരത്തിലും ദൈവിക ശിക്ഷ ക്ഷണിച്ചുവരുത്തും.

മനുഷ്യ സമൂഹത്തെ ഈ വിഷയകമായി മൂന്ന് വിഭാഗമായി തിരിക്കാം. 1. തിന്മ ചെയ്യുന്നവർ. 2. തിന്മയെ എതിർക്കുന്നവർ. 3. തിന്മ കണ്ടില്ലെന്ന് നടിക്കുകയും തിന്മക്കെതിരെ പ്രതികരിക്കുന്നവരെ പരിഹസിക്കുകയും പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ. ഇത്തരമൊരു സമൂഹത്തിൽ തിന്മയെ എതിർത്ത വിഭാഗമൊഴികെ മറ്റു രണ്ടു വിഭാഗങ്ങളും അല്ലാഹുവിന്റെ നിന്ദ്യമായ ശിക്ഷക്കിരയായ ചരിത്രം ഖുർആൻ ഉദ്ധരിക്കുന്നുണ്ട് (*അൽഅഅ്റാഫ്* 163-166). ദീർഘകാലം ‘ഖൈറുഉമ്മത്ത്’ എന്ന പദവി അലങ്കരിച്ച ബനൂഇസ്റാഈൽ സമൂഹമാണ് ഇവിടെ ശിക്ഷിക്കപ്പെട്ടത്.

ആഇശ(റ) പറയുന്നു: ‘‘ഒരിക്കൽ പ്രവാചകൻ എന്റെയടുക്കൽ വന്നു. അദ്ദേഹത്തിന്റെ മുഖഭാവം കണ്ടപ്പോൾ തന്നെ എന്തോ ഗൗരവപ്പെട്ട വിഷയമുണ്ടെന്ന് എനിക്ക് മനസ്സിലായി. എന്നോട് ഒന്നും സംസാരിക്കാതെ അദ്ദേഹം വുദു എടുത്ത് പള്ളിയിലേക്ക് പോയി. അദ്ദേഹം എന്താണ് പറയുന്നതെന്ന് കേൾക്കാൻ ഞാൻ എന്റെ റൂമിൽ പോയി കാതോർത്തു. മിമ്പറിൽ കയറി അല്ലാഹുവിനെ സ്തുതിച്ച ശേഷം പ്രവാചകൻ പറഞ്ഞു: ജനങ്ങളേ, അല്ലാഹു നിങ്ങളോട് പറയുന്നു: നിങ്ങൾ നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുവിൻ. ഇല്ലായെങ്കിൽ നിങ്ങളുടെ പ്രാർഥനക്ക് ഞാൻ ഉത്തരമേകില്ല. നിങ്ങൾ ചോദിച്ചാൽ ഞാൻ തരില്ല. നിങ്ങൾ സഹായം തേടിയാൽ ഞാൻ നിരസിക്കും” (ഇബ്നുമാജ).

അല്ലാഹുവിന്റെ സഹായങ്ങളും പിന്തുണയും നഷ്ടമായാൽ പിന്നെയെന്താണ് അവശേഷിക്കുക? ആ കവാടം കൊട്ടിയടക്കപ്പെട്ടാൽ എവിടെയാണ് നമുക്ക് അഭയമുണ്ടാവുക? സ്വസ്ഥതയും സമാധാനവുമില്ലാത്ത ദുരിതജീവിതമായിരിക്കും അതിന്റെ ഫലം.

ജീവിതത്തിന്റെ ഏതെങ്കിലുമൊരു വശത്ത് മാത്രം പരിമിതമല്ല ഈ നന്മ തിന്മകൾ. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ രംഗവും ഇതിൽ പെടുന്നു. ആദ്യകാല മുസ്‌ലിംകൾക്ക് ലോകത്ത് ആധിപത്യവും അന്തസ്സും പ്രൗഢിയുമുണ്ടായത് അവർ സ്വന്തം ബാധ്യതകൾ നിർവഹിച്ചപ്പോഴായിരുന്നു. എന്നാൽ അടിസ്ഥാന ദൗത്യം വിസ്മരിച്ചതോടെ ദൗർബല്യവും നിന്ദ്യതയും മുസ്‌ലിം സമൂഹത്തെ ബാധിച്ച മാറാവ്യാധിയായി മാറി. ഹദീസിൽ സൂചിപ്പിച്ച പോലെ അക്രമികളായ ഭരണാധികാരികളെ നൽകിക്കൊണ്ടാവും ദൗത്യം മറന്ന സമൂഹത്തെ അല്ലാഹു ശിക്ഷിക്കുക. സമൂഹമെന്ന നിലക്ക് ഇന്ത്യൻ മുസ്‌ലിംകൾ സ്വന്തം ദൗത്യ നിർവഹണത്തെ പുനർവിചിന്തനം ചെയ്യേണ്ട സന്ദർഭമാണിത്. ■